LIBRARY ARCHIVES Kerala Legislative Assembly

ഓരോ നിയോജകമണ്ഡലത്തിനും അനുവദിച്ച പ്രവൃത്തികളും ഇകയും

205 (5290) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ നിയോജകമണ്ഡലത്തിനും പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളും ഇകയും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർവചനം ഏത് ഘട്ടത്തിലാണെന്ന് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

റോഡ് സുരക്ഷാപ്രവർത്തനങ്ങൾ

206 (5291) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്ക് മരാമത്ത് വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപകടനിരക്ക്, അപകടമരണം, ഗതാഗതക്കുരുക്ക് എന്നിവ കുറയ്ക്കുക, റോഡ് ഉപഭോക്താക്കളുടെ സുരക്ഷ പരമാവധി വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) പദ്ധതികൾ നടപ്പിലാക്കാനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, കേരള റോഡ് സുരക്ഷാ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ് റോഡ് സുരക്ഷാ സെൽ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സംസ്ഥാനതല

അവലോകനയോഗം എന്നീ സംവിധാനങ്ങൾ ഭരണതലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി. റോഡിലെ കഴക്കൂട്ടം-തൈക്കോട്-അട്ടർ 80 കി.മീ. റോഡ് 'ഒരു മോഡൽ സേഫ്റ്റി കോറിഡോർ' ആക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ മാതൃക മറ്റ് റോഡ് വികസന പദ്ധതികളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

ഹെവി മെയിന്റനൻസ് പദ്ധതി

207 (5292) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെവി മെയിന്റനൻസ് പദ്ധതി ഇനി എത്ര കിലോമീറ്റർ സംസ്ഥാന പാതകളിൽ നടപ്പിലാക്കാനുണ്ട് എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഹെവി മെയിന്റനൻസ് പദ്ധതി 1277.43 കി.മീറ്റർ സംസ്ഥാന പാതകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ദക്ഷിണ മേഖലയിൽ 117.22 കിലോമീറ്ററും മദ്ധ്യമേഖലയിൽ 988.43 കിലോമീറ്ററും ഉത്തരമേഖലയിൽ 171.78 കിലോമീറ്ററും ഇതിൽ ഉൾപ്പെടുന്നു.

(ബി) കോട്ടയം ജില്ലയിൽ 13-3-2016-ലും, പാലക്കാട് - പെരിന്തൽമണ്ണ റോഡ് കി.മീ.12/000 മുതൽ 22/000, 35/600 മുതൽ 41/000 വരെയുള്ള ഭാഗത്തുള്ള പ്രവൃത്തികൾ 30-4-2016-ലും പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

പാലം നിർമ്മാണത്തിന്റെ ഭാഗമായി പുഴയിൽ നിക്ഷേപിക്കുന്ന മണ്ണ് യഥാസമയം നീക്കം ചെയ്യാൻ നടപടി

208 (5293) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലങ്ങളുടെ നിർമ്മാണത്തിന്റെ ഭാഗമായി പുഴകളിൽ നിക്ഷേപിക്കുന്ന മണ്ണ് പാലത്തിന്റെ പ്രവൃത്തി പൂർത്തിയായാലും നീക്കാത്തതിനാൽ പുഴകളിൽ മത്സ്യസമ്പത്തിനുണ്ടാക്കുന്ന ശോഷണവും പാരിസ്ഥിതികപ്രശ്നവും കണക്കിലെടുത്ത് യഥാസമയം നീക്കുന്നതിന് എന്തൊക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചാട്ടൽ-ചുങ്കം പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പുഴയിൽ നിക്ഷേപിച്ച മണ്ണ് നീക്കംചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly